**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)**
**നടപടിക്രമം**

---

വിഷയം:- ആ.വ.ഡ. - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലംമാറ്റം **2026** - ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിലെ കരട് പട്ടിക അന്തിമമാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ.ഉ.(പി) നം. **3/2017**/ഉ.ഭ.പ.വ. തീയതി **25.02.2017.**
2. സ.ഉ.(സാധാ) നം. **1369/2026/H&FWD** തീയതി **10.04.2026.**
3. സർക്കുലർ നമ്പർ **EH1/31371/2025**/ആവഡ തീയതി **13.04.2026.**
4. ജീവനക്കാർ **SPARK** മുഖേന സമർപ്പിച്ച അപേക്ഷകൾ.
5. **30/05/2026** തീയതിയിലെ **DHS/11658/2026-EF3** നമ്പർ കരട് പട്ടിക.

**ഉത്തരവ് നം: DHS/11658/2026-EF3 തീയതി:** <u>30-07-2026</u>

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ **2026**-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ സ്വീകരിക്കുകയും, അപ്രകാരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ കരട് സ്ഥലംമാറ്റ പട്ടിക സൂചന (5) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

ആയതിനെതിരെ ടി വിഭാഗം ജീവനക്കാരിൽ നിന്ന് ലഭിച്ച അപ്പീൽ അപേക്ഷകൾ വിശദമായി പരിശോധിച്ചതിൽ നിന്നും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ട അപ്പീൽ അപേക്ഷകളൊന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്തതിനാൽ കരട് പട്ടികയ്ക്കെതിരെ ആക്ഷേപങ്ങളൊന്നും ഇല്ലെന്ന് വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിലെ കരട് പട്ടിക അന്തിമമാക്കിയും, ടി ജീവനക്കാരുടെ **2026** വർഷത്തെ

പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട തുടർനടപടികൾ അവസാനിപ്പിച്ചും ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Sandeep K
Date: 30-07-2026
17:21:11

**SANDEEP K**

**ADDITIONAL DIRECTOR (MEDICAL AND HOSPITAL ADMINISTRATION)**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ.
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
4. കരുതൽ ഫയൽ.